(2) ശ്രീ. അബ്ദുൾ നാസർ മ്അദനിയോട് മനുഷ്യത്വപരമായ സമീപനം കൈക്കൊള്ളുന്നതിന് ഇടപെടൽ

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കോയമ്പത്തൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞ ഏഴ് വർഷത്തിലധികമായി വിചാരണ തടവിൽ കഴിയുന്ന ശ്രീ. അബ്ദുൾ നാസർ മ്അദനിയോട് മനുഷ്യത്വപരമായ സമീപനം കൈക്കൊള്ളുന്നതിന് ആവശ്യമായ ഇടപെടൽ നടത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. നീണ്ട ജയിൽവാസംമൂലം നിരവധി രോഗങ്ങൾക്ക് അടിമയായിത്തീർന്ന ശ്രീ. മ്അദനിക്ക് മികച്ച ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇതിനകത്ത് കേന്ദ്ര ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് മ്അദനിക്ക് പരോൾ അനുവദിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കണം.

.....(ബഹളം).....

മി. സ്പീക്കർ: നമ്മൾ ഇതുവരെ പിൻതുടർന്ന ആ ശൈലിക്ക് മാറ്റം വരരുത്. അതായത് ഈ കേസിന്റെ തെളിവെടുപ്പ് കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. Pending trial ആണ്. സഭയ്ക്ക് പാസ്സാക്കാവുന്ന ഒരു പ്രമേയത്തിന് വിലവേണമെങ്കിൽ അതിന്റെ പരിധിക്കുള്ളിൽ .....(ബഹളം)..... അമിതാവേശം കാണിച്ച് സ്വയം അപഹാസ്യപാത്രങ്ങളാകരുത്. ഇതൊക്കെ ആലോചിച്ചാണ് ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നത്. I leave it to you.....(ബഹളം).....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, നിയമപരമായി കോടതികളുടെ നടപടികളിൽ നമ്മൾ ഇടപെടുന്നത് ശരിയല്ല എന്ന് പറഞ്ഞത് അംഗീകരിക്കുന്നു. പരോൾ അനുവദിക്കുകയെന്നു പറയുന്നത് ഒരു കോടതിയുടേയും നടപടികളിലെ ഇടപെടലല്ല. പരോൾ അനുവദിക്കണമെന്ന് പറയാൻ ഗവൺമെന്റിന് അധികാരമുള്ളതാണ്. ചില കേസുകളിൽ ജയിൽ സൂപ്രണ്ടിനു തന്നെ അധികാരമുണ്ട്. അതുകൊണ്ട് അത് ചേർക്കുന്നതിൽ ഒരു അപാകതയുമില്ല. അത് ജുഡീഷ്യൽ പ്രോസസ്സിനെ ബാധിക്കുന്നതല്ല. പരോൾ അനുവദിക്കണമെന്ന് പറയുന്നതിൽ തെറ്റുണ്ടെന്ന് എനിക്ക് അഭിപ്രായമില്ല.

ശ്രീ. എം. വി. ജയരാജൻ: ഞങ്ങൾ ഇവിടെ അവതരിപ്പിച്ച ഭേദഗതിയെന്നു പറയുന്നത് പ്രമേയത്തിലെ നാലാമത്തെ വാചകം സബ്ജുഡൈസ് ആകാത്തവിധത്തിലുള്ളതാണ്. ഞങ്ങൾ പറയുന്നത് "ശ്രീ. അബ്ദുൾ നാസർ മ്അദനിയോട് മനുഷ്യത്വപരമായ സമീപനം കൈക്കൊള്ളുന്നതിന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടൽ നടത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു." അതിൽ "മനുഷ്യത്വപരമായ സമീപനം കൈക്കൊള്ളുന്നതിന് പരോൾ അനുവദിക്കുന്നതുൾപ്പെടെയുള്ള ആവശ്യമായ ഇടപെടൽ നടത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു" എന്ന ഒരു ഭേദഗതി സബ്ജുഡൈസ് അല്ല. അത് സ്വീകരിക്കാവുന്നതാണ്. സഭയുടെ പൊതു സ്പിരിറ്റാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അത് സ്വീകരിക്കുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. ഭാഷ നല്ലതാക്കിയാൽ മതി. ഭാഷ നല്ലതാക്കണമെങ്കിൽ മ്അദനിയോട് മനുഷ്യത്വപരമായ സമീപനം സ്വീകരിക്കണമെന്നും അദ്ദേഹത്തിന് പരോൾ അനുവദിക്കണമെന്നും വേണം. അതാണ് നല്ലത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആവശ്യമായ ഇടപെടൽ നടത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം "ശ്രീ. അബ്ദുൾ നാസർ മ്അദനിക്ക് പരോൾ അനുവദിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു." എന്നുകൂടി ചേർക്കാം.

മി. സ്പീക്കർ: ഞാൻ ഒരു കാര്യം വ്യക്തമാക്കുകയാണ്. ഇവിടെ മന്ത്രി ഒരു പ്രമേയം അവതരിപ്പിച്ചു. ചിലർ ഭേദഗതി മൂവ് ചെയ്തു. പരസ്പരം ചർച്ചകളിലൂടെ എങ്ങനെ റീ-കാസ്റ്റ് ചെയ്യുന്നതിലും ചെയറിന് ആക്ഷേപമില്ല. അതുകൊണ്ട് രണ്ടുകൂട്ടരും സമ്മതിക്കുന്ന തരത്തിൽ ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കാം.

(പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗവൺമെന്റിന് സഭ മുമ്പാകെ വയ്ക്കുന്നതിന് തൽക്കാലം മറ്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ: കഴിഞ്ഞ മാസം വിടപറഞ്ഞ് പിരിഞ്ഞിട്ടും വേർപിരിയാതെ നാം ഒരു സുപ്രധാന നിയമനിർമ്മാണത്തിനുവേണ്ടി വീണ്ടും സമ്മേളിച്ചു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാപേരും ഒരേതരത്തിൽ സംസാരിച്ചു. ചർച്ചകൾ നല്ല നിലവാരം പുലർത്തിയിരുന്നു. എല്ലാപേരും അവസരത്തിനൊത്ത് ഉയർന്നു. സാമാജികരുടെ ഗ്രേഡിംഗിന് തിളക്കം വർദ്ധിപ്പിക്കാനും നിയമസഭയുടെ അന്തസ്സ് വർദ്ധിപ്പിക്കാനും ഇതുവഴി സാധിച്ചു. സംസ്ഥാനത്തിന്റെ നിയമനിർമ്മാണ ചരിത്രത്തിൽ അഭിമാനിക്കാവുന്ന ഒരു സുവർണ്ണതാളുകൂടി ചേർക്കാൻ നമുക്ക് കഴിഞ്ഞു. ഇതിന് സഹകരിച്ച എല്ലാപേർക്കും നന്ദി. ഒരു വിവരം കൂടി അറിയിക്കാനുണ്ട്. എല്ലാ മെമ്പർമാർക്കും പത്രക്കാർ ഉൾപ്പെടെയുള്ള എല്ലാ ആളുകൾക്കും 12.30-ന് ഉച്ചഭക്ഷണം അറേഞ്ച് ചെയ്തിട്ടുണ്ട്. സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നു.

(സഭ രാവിലെ 10.54-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly